പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2859

10..03..2017 -ൽ മറുപടിയ്ക്ക്

## കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പ്

*ചോദ്യം*

ശ്രീ. മോൻസ് ജോസഫ്

(എ) കോട്ടയം ജില്ലയിൽ കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ സ്കൂളിനു വേണ്ടി സ്വന്തമായി സ്ഥലം വാങ്ങുന്നതിന് സർക്കാർ തലത്തിൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാത്തത് എന്തു കൊണ്ടാണ്;

(ബി) കടപ്ലാമറ്റം പഞ്ചായത്തിൽ വിവിധ സ്ഥലങ്ങൾ പരിശോധിച്ച് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റി ലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ട് കാലങ്ങളായെങ്കിലും തുടർനടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(സി) ഏറ്റവും അനുയോജ്യമായ സ്ഥലം സർക്കാർ തീരുമാനിക്കാനും ഇത് പരമാവധി വേഗത്തിൽ ഏറ്റെടുക്കാൻ കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്താനും നടപടി സ്വീകരിക്കുമോ;

*ഉത്തരം*

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും

കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകിയ ശിപാർശ കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ശിപാർശ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (ഡി) | നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കാലതാമസം ഒഴിവാക്കി ഭൂമി ഏറ്റെടുക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്; | (ഡി) | ടി ശിപാർശയിൻമേൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭിച്ചാലുടൻതന്നെ ഭരണാനുമതി നൽകാവുന്നതും, നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാവുന്നതുമാണ്. |
| (ഇ) | കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്ന മാറിയിടം പള്ളിയുടെ കെട്ടിടത്തിന്റെ വാടക കൊടുക്കാൻ തയ്യാറാകാത്തതു മൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിച്ച് കെട്ടിട വാടക കൊടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്ന മാറിയിടം പള്ളിയുടെ കെട്ടിട വാടക സംബന്ധിച്ച വിഷയം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ